ഭൂനികുതി

1262 [2256] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോഴത്തെ ഭൂനികുതിയായി ഒരേക്കറിൽനിന്ന് എത്ര സംഖ്യയാണ് പിരിക്കുന്നത്;

(ബി) കഴിഞ്ഞവർഷം ഈ ഇനത്തിൽ എത്ര സംഖ്യ പിരിഞ്ഞു;

(സി) ഭൂനികുതി പിരിവ് നിർത്തലാക്കുവാൻ ഗവൺമെന്റ് നടപടികളെടുക്കുമോ;

(ഡി) ഭൂനികുതിയുടെ നിരക്ക് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഒരു ഹെക്ടറിൽ താഴെ ഭൂമിയുള്ളവരിൽനിന്നും പ്രതിവർഷം ഹെക്ടർ ഒന്നിന് 4.94 രൂപ നിരക്കിലും ഒരു ഹെക്ടറോ, അതിൽക്കൂടുതലോ ഭൂമിയുള്ളവരിൽനിന്നും പ്രതിവർഷം ഹെക്ടറിന് 20 രൂപ നിരക്കിലുമാണ് ഭൂനികുതി പിരിക്കുന്നത്.

(ബി) 1985–86 സാമ്പത്തികവർഷത്തിൽ ഭൂനികുതിയിനത്തിൽ ആകെ 2,58,30,962.33 രൂപ പിരിഞ്ഞുകിട്ടി. ഇതിൽ 4,54,238.32 രൂപ മുൻവർഷങ്ങളിലെ കുടിശ്ശികയിനത്തിലുള്ളതാണ്.

(സി) ഭൂനികുതി നിർത്തലാക്കുന്ന കാര്യം പരിഗണിക്കുവാൻ നിർവ്വാഹമില്ല.

(ഡി) ഇപ്പോഴത്തെ ഉദ്ദേശിക്കുന്നില്ല.

ഭൂനികുതി ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള സംഖ്യ

1263 [2257] ശ്രീ. കെ. പി. രാമൻ:
,, പി. വി. മുഹമ്മദ്:
,, കൊരമ്പയിൽ അഹമ്മദ്ഹാജി:
,, പി. എം. അബൂബക്കർ:
,, പി. കെ. കെ. ബാവ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂനികുതി ഇനത്തിൽ കഴിഞ്ഞ സാമ്പത്തികവർഷം എത്ര കോടി രൂപ പിരിഞ്ഞുകിട്ടി;

(ബി) ഇത് സംസ്ഥാന റവന്യൂവിന്റെ എത്ര ശതമാനമാണ്;

(സി) ഭൂനികുതി ഇനത്തിൽ നാളിതുവരെ പിരിഞ്ഞുകിട്ടാൻ ബാക്കിയുള്ള സംഖ്യ എത്ര?

ഉത്തരം

(എ) 2,58,30,962.33 രൂപ ഇതിൽ 4,54,238.32 രൂപ മുൻവർഷങ്ങളിലെ കുടിശ്ശികയാണ്.

(ബി) 0.22 ശതമാനം.

(സി) 1986 മാർച്ച് 31–ാം തീയതിവരെ 1,40,764.77 രൂപ പിരിഞ്ഞുകിട്ടാൻ ബാക്കിയുണ്ട്. ഇതിൽ 21,998.77 രൂപ മുൻവർഷങ്ങളിലെ കുടിശ്ശികയാണ്.

LIBRARY ARCHIVES Kerala Legislative Assembly